**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1388** **10-10-2024 - ൽ മറുപടിയ്ക്ക്**

**നെന്മാറ ബോയ്സ് ഹയർസെക്കണ്ടറി സ്കൂളിന്റെ രണ്ടാം ഘട്ട പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ നെന്മാറ ബോയ്സ് ഹയർസെക്കണ്ടറി സ്കൂളിന്റെ രണ്ടാം ഘട്ട പ്രവൃത്തികൾ നാളിതുവരെ തുടങ്ങാൻ കഴിയാത്തതിന്റെ കാരണം വിശമാക്കുമോ; | (എ) | നെന്മാറ നിയോജക മണ്ഡലത്തിൽ GBHSS നെന്മാറ സ്കൂളിന് 5 കോടി കിഫ്ബി ഫണ്ടിലുൾപ്പെടുത്തി ഭരണാനുമതി നൽകിയിരുന്നു. നിർവ്വഹണ ഏജൻസിയായി കൈറ്റിനെയാണ് ചുമതലപ്പെടുത്തിയിരുന്നത്. സ്കൂളിന് ക്ലാസ്സ് മുറിയും ഓഡിറ്റോറിയവുമായിരുന്നു നിർമ്മാണത്തിനുള്ള പ്ലാനിൽ ഉൾപ്പെടുത്തിയിരുന്നത്. 31/05/2022 - ന് കൈറ്റ് സ്കൂൾ ബിൽഡിംഗ് പൂർത്തിയാക്കി. 3,81,50,413/- (മൂന്ന് കോടി എൺപത്തി ഒന്ന് ലക്ഷത്തി അൻപതിനായിരത്തി നാനൂറ്റി പതിമൂന്ന് രൂപ മാത്രം) രൂപയാണ് ഇതിനായി വിനിയോഗിച്ചത്. ഓഡിറ്റോറിയം ബ്ലോക്ക് പണിയേണ്ടിയിരുന്ന സ്ഥലത്ത് ഒരു പഴയ കെട്ടിടം പൊളിച്ച് മാറ്റേണ്ടതുണ്ടായിരുന്നു. ഇത് പൊളിച്ച് മാറ്റുന്നതിന് കാലതാമസം ഉണ്ടായതിനാൽ ഓഡിറ്റോറിയത്തിന്റെ നിർമ്മാണം നടത്താൻ കഴിഞ്ഞില്ല. കൈറ്റ് നിർമ്മാണത്തിന്റെ ഫൈനൽ ബിൽ കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ട്. ടി പ്രവൃത്തിയുമായി ബന്ധപ്പെട്ട് എം.എൽ.എയുടെ ആസ്തിവികസന ഫണ്ടിൽ നിന്ന് അനുവദിച്ച 50 ലക്ഷം രൂപ നിർമ്മാണപ്രവർത്തിക്ക് ആവശ്യമില്ല എന്ന വിവരം എസ്.പി.വി ബന്ധപ്പെട്ടവരെ അറിയിച്ചിട്ടുണ്ട്. |
| (ബി) | രണ്ടാം ഘട്ട പ്രവൃത്തികൾക്ക് എത്ര തുകയാണ് ബാക്കിയുള്ളതെന്നും, ഈ പ്രവൃത്തി എന്ന് തുടങ്ങാൻ കഴിയുമെന്നും വിശദമാക്കുമോ? | (ബി) | രണ്ടാംഘട്ട പ്രവൃത്തികൾ നടപ്പിലാക്കുന്നതിനും പുതിയ നിർവ്വഹണ ഏജൻസിയെ നിർദ്ദേശിക്കുന്നതിനുമായി കിഫ്ബിയെ ചുമതലപ്പെടുത്തിക്കൊണ്ട് 10/07/2024 - ൽ പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ നടന്ന യോഗത്തിൽ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.<br><br>പ്രസ്തുത യോഗത്തിന്റെ നടപടിക്കുറിപ്പ് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

<u>**പാലക്കാട് ജില്ലയിലെ നെന്മാറ നിയോജക മണ്ഡലത്തിലെ സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാൻ 10/07/2024-ന് രാവിലെ 11.30 മണിക്ക് ബഹു. പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ നിയമസഭയിലെ 604-ാം നമ്പർ റൂമിൽ ചേർന്ന യോഗത്തിന്റെ നടപടികുറിപ്പ്**</u>

യോഗം 11.30 മണിക്ക് ആരംഭിച്ചു. യോഗത്തിൽ പങ്കെടുത്തവരുടെ ലിസ്റ്റ് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട് ബഹു. കെ.ബാബു, നെന്മാറ എം.എൽ.എ യോഗത്തിൽ സന്നിഹിതനായിരുന്നു.

പാലക്കാട് ജില്ലയിലെ വട്ടേക്കാട് ഗവൺമെന്റ് യുപി സ്കൂളിൽ 2017-18 സാമ്പത്തിക വർഷത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി 99.30 ലക്ഷം രൂപ വിനിയോഗിച്ച് സർക്കാർ അംഗീകൃത ഏജൻസിയായ കോസ്റ്റ്ഫോർഡ്-ന് കെട്ടിടം നിർമ്മിക്കുന്നതിന് 16/01/2018-ലെ സ.ഉ(സാധാ)നം. 253/2018/പൊ.വി.വ പ്രകാരം ഭരണാനുമതി നൽകുകയുണ്ടായി.

2018 മാർച്ചിൽ നിർമ്മാണം ആരംഭിക്കുകയും 2 മാസം കൊണ്ട് 50% ത്തിലധികം കെട്ടിട നിർമ്മാണം പൂർത്തീകരിക്കുകയും മൂന്നു വർഷങ്ങൾക്കു ശേഷം കുറച്ചു നിർമ്മാണ പ്രവർത്തനം കൂടി നടത്തി സാമ്പത്തിക പ്രശ്നം ചൂണ്ടിക്കാണിച്ച് നിർമ്മാണ പ്രവർത്തനം നിർത്തി വയ്ക്കുകയാണുണ്ടായത്. കോസ്റ്റ്ഫോർഡ്-ന് ടി കെട്ടിട നിർമ്മാണത്തിനായി 25/11/2019-ന് ഒന്നാം പാർട്ട് ബില്ലിൽ 36,99,394/- രൂപയും 16/10/2023-ന് രണ്ടാം പാർട്ട് ബില്ലിൽ 10,69,277/- രൂപയും ഉൾപ്പെടെ ആകെ 47,68,671/- രൂപ അനുവദിച്ചിട്ടുണ്ട്.

രണ്ട് പാർട്ട് ബില്ലുകളിലായി 47,68,671/- രൂപ അനുവദിച്ചിട്ടും കോസ്റ്റ്ഫോർഡിന് കെട്ടിട നിർമ്മാണം പൂർത്തിയാക്കുന്നതിന് തടസ്സം എന്താണെന്ന് ബഹു. പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി ആരാഞ്ഞു. രണ്ടാം പാർട്ട് ബില്ലിന്റെ തുക ഇനിയും ലഭ്യമായില്ലെന്ന് കോസ്റ്റ്ഫോർഡ് പ്രതിനിധി അറിയിച്ചു. ധനകാര്യ വകുപ്പിന്റെ 'ക്യൂ' സംവിധാനത്തിലായതിനാലാണ് രണ്ടാം പാർട്ട് ബില്ലിന്റെ പണം ലഭ്യമാകാത്തതെന്നും ടി വകുപ്പുമായി ബന്ധപ്പെട്ട് ബിൽ മാറുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ ബഹു. മന്ത്രി നിർദ്ദേശിച്ചു.

കേവലം ഒരു കോടി രൂപയുടെ പ്രവർത്തി പൂർത്തിയാക്കാൻ കാലതാമസം നേരിടുന്ന കോസ്റ്റ് ഫോർഡിന്റെ സാമ്പത്തിക ക്ഷമത പരിശോധിക്കേണ്ടതാണെന്ന് എംഎൽഎ ആവശ്യപ്പെട്ടു. രണ്ടാം പാർട്ട് ബിൽ തുക ലഭ്യമായാൽ മൂന്ന് മാസത്തിനകം നിർമ്മാണം പൂർത്തിയാക്കാമെന്ന് കോസ്റ്റ്ഫോർഡ് ബഹു. മന്ത്രിക്ക് ഉറപ്പ് നൽകി.

**തീരുമാനം**

1. രണ്ടാം പാർട്ട് ബിൽ തുക ലഭിക്കുന്നതിനായി കോസ്റ്റ്ഫോർഡ് ധനകാര്യവകുപ്പമായി ബന്ധപ്പെടേണ്ടതാണ്.

2. നിർമ്മാണപ്രവർത്തനങ്ങൾ അടിയന്തിരമായി പൂർത്തിയാക്കി കേരളപ്പിറവി ദിനമായ നവംബർ 1-ന് കെട്ടിടം ഉദ്ഘാടനത്തിന് സജ്ജമാക്കേണ്ടതാണ്.

**ജി.ബി.എച്ച്എസ്എസ്.നെന്മാറ**

ജി.ബി.എച്ച്എസ്എസ്. നെന്മാറയെ മികവിന്റെ കേന്ദ്രമാക്കുന്നതിനായി കിഫ്ബിയുടെ 5 കോടി രൂപ പദ്ധതിയിലുൾപ്പെടുത്തി 21/09/2017-ലെ സ.ഉ(സാധാ)നം. 3292/2017/പൊ.വി.വ പ്രകാരം ഭരണാനുമതി നൽകി 07/06/2018-ൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു. കൂടാതെ എം.എൽ.എയുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 50 ലക്ഷം രൂപ അനുവദിക്കുകയും അത് കിഫ്ബിക്ക് കൈമാറുകയുമുണ്ടായി.

അംഗീകൃത ഡിപിആർ പ്രകാരം അക്കാദമിക് ബ്ലോക്കിൽ നിർമ്മാണം പൂർത്തിയാക്കി 07/12/2021-ന് സ്കൂൾ അധികൃതർക്ക് കൈമാറിയിട്ടുണ്ട്.

ആഡിറ്റോറിയം ബ്ലോക്കിന്റെ സൈറ്റിലുണ്ടായിരുന്ന പഴയ കെട്ടിടം പൊളിച്ചു മാറ്റിയത് 13/12/2021-ൽ ആയതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് നെന്മാറ ഗ്രാമ പഞ്ചായത്തിന്റെ അനുമതി ലഭ്യമായത് 22/04/2022-ൽ ആണ്.

ആഡിറ്റോറിയം നിർമ്മാണ സൈറ്റിൽ റോഡ് വികസനവുമായി ബന്ധപ്പെട്ട സർവ്വേ നടക്കുന്നതിനാൽ കരാറുകാരന് നിർമ്മാണം ആരംഭിക്കാൻ സാധിച്ചിട്ടില്ല. അതു കൂടാതെ വാപ്കോസിൽ നിന്നും ആഡിറ്റോറിയം നിർമ്മാണം ഒഴിവാക്കാൻ ശുപാർശ

ചെയ്തിട്ടുള്ളതിനാൽ ടി നിർമ്മാണ പ്രവർത്തനം ആരംഭിക്കുവാനുള്ള സാഹചര്യം നിലവിലില്ലാത്തതാണ്.

ഫൈനൽ ബിൽ കിഫ്ബിക്ക് സമർപ്പിച്ച സാഹചര്യത്തിൽ പണിപൂർത്തിയാക്കിയ കെട്ടിടത്തിന് ചെലവാക്കിയ 3.82 കോടി രൂപ കിഴിച്ച് 1.18 കോടി രൂപയും എം.എൽ.എയുടെ ആസ്തിവികസന ഫണ്ടിൽനിന്നും അനുവദിച്ച 50 ലക്ഷം രൂപയുമടക്കം 1.68 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്താനുണ്ട്. തുടർ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ ബുദ്ധിമുട്ടുണ്ടെന്ന് കൈറ്റ് അറിയിക്കുകയുണ്ടായി.

കൈറ്റ് നിർമ്മാണം പൂർത്തിയാക്കിയ 28 ക്ലാസ് മുറികളിലും 4 ലാബ് മുറികളിലും എക്കോ ഉള്ളതിനാൽ അധ്യാപകർ പഠിപ്പിക്കുന്നത് കുട്ടികൾക്കും കുട്ടികൾ ചോദിക്കുന്നത് അധ്യാപകർക്കും കേൾക്കുന്നതിനും ബുദ്ധിമുട്ടുള്ളതായി എം.എൽ.എ അറിയിച്ചു. കൂടാതെ നിർമ്മാണം പൂർത്തിയായ മെയിൻ ബ്ലോക്കിന്റെ സീലിംഗ് ഇളകി വീഴുന്നതായും എം.എൽ.എ പറഞ്ഞു.

കരാർ പൂർത്തിയായതിനാൽ പുതിയ നിർമ്മാണ പ്രവർത്തനങ്ങൾ 2016-ലെ ഡി.എസ്.ആർ പ്രകാരം നിർവ്വഹിക്കുവാൻ താൽപര്യമില്ലെന്ന് കൈറ്റ് പ്രതിനിധികൾ ബഹു. മന്ത്രിയെ അറിയിച്ചു.

കൈറ്റിന് തുടർ നിർമ്മാണങ്ങൾ നടത്താൻ താല്പര്യമില്ലാത്തതിനാൽ അവരെ ഒഴിവാക്കി പുതിയ നിർവ്വഹണ ഏജൻസിയെ നിർദ്ദേശിക്കാൻ കിഫ്ബിയോട് ബഹു. മന്ത്രി ആവശ്യപ്പെട്ടു. കൂടാതെ സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയിലുൾപ്പെടുത്തി നിർമ്മാണ പ്രവർത്തി പൂർത്തീകരിക്കാൻ ബഹു മുഖ്യമന്ത്രി നിർദ്ദേശിച്ചിട്ടുണ്ടെന്ന് ബഹു മന്ത്രി അറിയിച്ചു.

കൈറ്റ് പൂർത്തീകരിച്ച ക്ലാസ് മുറികളിലെയും ലാബ് മുറികളിലെയും എക്കോ പ്രശ്നം പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് പൊതു വിദ്യാഭ്യാസ ഡയറക്ടർ നിർദ്ദേശിച്ചു.

**തീരുമാനം**

1. കൈറ്റിന് തുടർ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ താല്പര്യമില്ലാത്തതിനാൽ അവരെ ഒഴിവാക്കി പുതിയ നിർവ്വഹണ ഏജൻസിയെ കിഫ്ബി നിർദ്ദേശിക്കേണ്ടതാണ്.

2. നിർമ്മാണ പ്രവർത്തനങ്ങൾ സർക്കാരിന്റെ 100 ദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി പൂർത്തീകരിക്കാൻ ബഹു. മുഖ്യമന്ത്രി ഉത്തരവിട്ടതിനാൽ അതിനായുള്ള നടപടികൾ ത്വരിതപ്പെടുത്തുക.

3. എക്കോ പ്രശ്നമുള്ള ക്ലാസ് മുറികളുടെയും ലാബുകളുടെയും പ്രശ്നം നിർവഹണ ഏജൻസിയായ കൈറ്റ് അടിയന്തിരമായി പരിഹരിച്ച് റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

യോഗം 12.30-ന് അവസാനിച്ചു.

## യോഗത്തിൽ പങ്കെടുത്തവരുടെ പേരുവിവരം

| | | |
|---|---|---|
| 1. | ശ്രീ. കെ.ബാബു എം.എൽ.എ | – നെന്മാറ |
| 2 | ശ്രീ. എസ്. ഷാനവാസ് ഐ.എ.എസ് | – പൊതുവിദ്യാഭ്യാസ ഡയറക്ടർ |
| 3 | ശ്രീ. മനോജ് കുമാർ.എസ് കെ.എ.എസ് | – അണ്ടർ സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ് |
| 4 | ഡോ. സി.രാമകൃഷ്ണൻ | – അസിസ്റ്റന്റ് കോ–ഓർഡിനേറ്റർ, വിദ്യാകിരണം |
| 5 | ശ്രീമതി ശ്രീരഞ്ജിനി | – പ്രോജക്ട് ഓഫീസർ, വിദ്യാകിരണം |
| 6 | ശ്രീമതി ബിന്ദു ഷാജി | – പ്രോജക്ട് മാനേജർ, കൈറ്റ് |
| 7 | ശ്രീ. ബിജു ദിവാകരൻ | – കോ–ഓർഡിനേറ്റർ ടെക്നിക്കൽ, കൈറ്റ് |
| 8 | ശ്രീ. കൃഷ്ണൻകുട്ടി.എം | – എച്ച്.എസ്.എസ്.ടി ഹിസ്റ്ററി ഫോർ പ്രിൻസിപ്പാൾ, ജി.ബി.എച്ച്.എസ്.എസ്, നെന്മാറ, പാലക്കാട് |
| 9 | ശ്രീമതി ചന്ദ്രിക.സി | – ഹെഡ്മിസ്ട്രസ്സ്, ജി.ബി.എച്ച്.എസ്.എസ്, നെന്മാറ, പാലക്കാട് |
| 10 | ശ്രീമതി അംബുജാക്ഷി.എ | – ഹെഡ്മിസ്ട്രസ്സ്, ഗവ.യു.പിഎസ്, വട്ടേക്കാട് |
| 11 | ശ്രീമതി. വിമല.സി | – സീനിയർ അസിസ്റ്റന്റ്, ജി.ബി.എച്ച്.എസ്.എസ്, നെന്മാറ, പാലക്കാട് |
| 12 | ശ്രീ. ബാബുരാജ്.പി.എം | – സ്റ്റാഫ് സെക്രട്ടറി, ജി.ബി.എച്ച്.എസ്.എസ്, നെന്മാറ, പാലക്കാട് |
| 13 | ശ്രീ. കൃഷ്ണകുമാർ.കെ.എൻ | – വിദ്യാകിരണം കോ–ഓർഡിനേറ്റർ, പാലക്കാട് |
| 14 | ശ്രീമതി സുവർണ്ണ.എൻ | – അധ്യാപിക, ഗവ.യു.പിഎസ്, വട്ടേക്കാട് |
| 15 | ശ്രീമതി ഷെൽന | – അധ്യാപിക, ഗവ.യു.പിഎസ്, വട്ടേക്കാട് |

| | | |
|---|---|---|
| 16 | ശ്രീമതി. സജിത.ആർ | - പി.ടി.എ വൈസ് പ്രസിഡന്റ്, ജി.ബി.എച്ച്.എസ്.എസ്, നെന്മാറ, പാലക്കാട് |
| 17 | ശ്രീ. ബി. അനന്തകൃഷ്ണൻ | - പി.ടി.എ വൈസ് പ്രസിഡന്റ്, ഗവ.യു.പിഎസ്, വട്ടേക്കാട് |
| 18 | ശ്രീ. അനന്തു | - കോസ്റ്റ്ഫോർഡ്, തിരുവനന്തപുരം |
| 19 | ശ്രീ. സജീവ്.എസ് | - കോ-ഓർഡിനേറ്റർ, കോസ്റ്റ്ഫോർഡ് |

സെക്ഷൻ ഓഫീസർ